പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3136 13.07.2015 ൽ മറുപടിക്ക്

## പാലക്കാട് ജില്ലയിൽ എത്ര ലാഭകരമല്ലാത്ത ബസ്റൂട്ടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. ഹംസ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം - പാലക്കാട് റൂട്ടിൽ എത്ര കെ.എസ്.ആർ.ടി.സി ബസുകൾ സർവ്വീസ് നടത്തിവരുന്നുണ്ട്; | (എ) | 14 ബസ്സുകൾ |
| (ബി) | പാലക്കാട് നിന്നും മലപ്പുറത്തേക്കും, കോഴിക്കോട്ടേക്കും പോകുന്ന കെ.എസ്.ആർ.ടി.സി ബസുകളിൽ ഏതെല്ലാം ബസുകൾ യാത്രാക്ലേശം അനുഭവിക്കുന്ന ഒറ്റപ്പാലം - മലപ്പുറം റൂട്ട് വഴി തിരിച്ച് വിടാൻ കഴിയും എന്ന കാര്യം പരിശോധിക്കുമോ; | (ബി) | പാലക്കാട്-മലപ്പുറം-കോഴിക്കോട് റൂട്ടിൽ കെ.എസ്.ആർ .ടി.സി ടൗൺ ടു ടൗൺ ഓർഡിനറി ചെയിൻ സർവ്വീസാണ് നടത്തി വരുന്നത്. ആയതിനാൽ ഈ സർവ്വീസുകൾ ഒറ്റപ്പാലം-മലപ്പുറം വഴി തിരിച്ച് വിടുന്നത് പാലക്കാട്-കോഴിക്കോട് റൂട്ടിൽ യാത്രാക്ലേശം ഉണ്ടാകുമെന്നതിനാൽ ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |
| (സി) | ഒറ്റപ്പാലം - ശ്രീകൃഷ്ണപുരം-കരിമ്പുഴ-തച്ചനാട്ടുകര എന്നീ പ്രദേശങ്ങൾ ബന്ധപ്പെടുത്തി കെ.എസ്.ആർ.ടി.സി ക്ക് റൂട്ട് അനുവദിക്കണമെന്ന നിരന്തരമായ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ; | (സി) | ഒറ്റപ്പാലം-ശ്രീകൃഷ്ണപുരം-കരിമ്പുഴ-തച്ചനാട്ടുകര റൂട്ടിൽ സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധാരാളം സ്വകാര്യ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്ന റൂട്ടായതിനാൽ യാത്രാക്ലേശം നിലവിലില്ല. മാത്രവുമല്ല സ്വകാര്യ ബസ്സുകൾ കൂടുതലായുള്ള റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി ഒറ്റപ്പെട്ട സർവ്വീസുകൾ ആരംഭിക്കുന്നത് ഗുണകരമായിരിക്കില്ലാ യെന്നതുകൊണ്ട് സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |
| (ഡി) | കെ.എസ്.ആർ.ടി.സി യെ ലാഭത്തിലാക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിച്ച് ലാഭകരമാക്കുന്നതിന് കെ.എസ്.ആർ.ടി.സി തലത്തിലും സർക്കാർ തലത്തിലും ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ |

| | | |
|---|---|---|
| | | പ്രവർത്തനം വിപുലീകരിക്കുക എന്നതു കൂടി ലക്ഷ്യമിട്ടാണ് കേരളത്തിലെ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളത്. അതിൻപ്രകാരം കെ.എസ്.ആർ.ടി.സി ഇതിനകം 185 സ്വകാര്യ സൂപ്പർ ക്ലാസ് റൂട്ടുകൾ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. ടി സർവ്വീസുകൾ കൃത്യതയോടെ നടത്തുന്ന തിലൂടെ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വരുംദിവസങ്ങളിൽ മെച്ചപ്പെട്ടു മെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം അന്തർസംസ്ഥാന റൂട്ടുകളിലെ യാത്രാക്ലേശം ഒഴിവാക്കുന്ന തിനായി കർണ്ണാടക സംസ്ഥാനവുമായി 12,294 കി.മീ. ദൂരം കർണ്ണാടകയിൽ സർവ്വീസ് നടത്തുന്നതിന് സർക്കാർ തലത്തിൽ ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. ആയത് വിജ്ഞാപനം ആകുന്നതോടുകൂടി കൂടുതൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി കർണ്ണാടകയിലേക്ക് ആരംഭിക്കുന്നതാണ്. തമിഴ് നാടുമായുള്ള പുതിയ അന്തർ സംസ്ഥാന കരാറിന്റെ ചർച്ചകൾ അവസാന ഘട്ടത്തിലാണ്. വരും ദിവസങ്ങളിൽ അത് യാഥാർത്ഥ്യമാകുന്നതോടു കൂടി തമിഴ് നാട്ടിലേക്കും കൂടുതൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.ക്ക് ആരംഭിക്കുവാൻ കഴിയും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്നത് ലക്ഷ്യമിട്ട് ഓൺ ലൈൻ റിസർവേഷൻ സംവിധാനം നവീകരിക്കുകയും കൂടുതൽ സർവ്വീസു കളിലേക്ക് വ്യാപിപ്പിക്കുകയു മുണ്ടായിട്ടുണ്ട്. ബസ്സുകളുടെ കുറവ് മൂലം ഇടക്കാലത്ത് മുടങ്ങി കിടന്ന പുതിയ റൂട്ടുകളിലേക്കുള്ള ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി ആരംഭിച്ച് കഴിഞ്ഞു. തുടക്കമായി കൊട്ടാരക്കര-പാരിപ്പള്ളി, ചേർത്തല-കുമ്പളങ്ങി-എറണാകുളം, കൊല്ലം-ചെങ്ങന്നൂർ, മാനന്തവാടി-സുൽത്താൻബത്തേരി എന്നീ റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറങ്ങി തുടങ്ങുന്നതോടു കൂടി കൂടുതൽ പുതിയ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതാണ്. വിപുലീകരണം ലക്ഷ്യമിട്ട് എറണാകുളത്ത് നിന്നും പുതുച്ചേരിയിലേക്കും, കോഴിക്കോട് നിന്നും |

കാസർഗോഡ്, മംഗലാപുരം, ഉഡുപ്പി, ഗോവ, കാർവാർ, പൂനെ വഴി മുംബൈക്കും, പനാജി, തിരുപ്പതി, പുട്ടപർത്തി, ഹൈദരാബാദ് എന്നിവിടങ്ങളിലേക്കും പുറമെ എറണാകുളത്ത് നിന്നും ചെന്നൈക്കും മൾട്ടി ആക്സിൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ നടപ്പിലാക്കുവാനുള്ള ശ്രമത്തിലാണ്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് തീരെ വരുമാനക്കുറവുള്ള സർവ്വീസുകൾ പുനക്രമീകരണം നടത്തുന്നതിനുള്ള പ്രക്രിയകൾക്ക് തുടക്കമിട്ടു കഴിഞ്ഞു. പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള ഷെഡ്യൂളുകൾ പുന:ക്രമീകരിക്കുന്നതു വഴി പ്രതിമാസം ഒരു കോടി രൂപയുടെയെങ്കിലും അധിക വരുമാനം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവനക്കാരുടെ ജോലി ചെയ്യുവാനുള്ള മനോഭാവം വർദ്ധിപ്പിക്കുന്നതിനുമായി മറ്റ് സംസ്ഥാനങ്ങൾ വിജയകരമായി പിൻതുടരുന്ന ഇൻസന്റീവ് സ്കീമുകൾ പഠിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. 7000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകൾ ഷെഡ്യൂളുകളുടെ പ്രാധാന്യം കണക്കിലെടുത്ത് പുന:ക്രമീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കൊണ്ടുള്ള കണക്ടിവിറ്റി സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്. കെ.എസ്.ആർ. ടി.സി.യുടെ അന്തർ സംസ്ഥാന സർവ്വീസുകൾക്കും മറ്റ് ദീർഘദൂര സർവ്വീസുകൾക്കും ഉപയോഗിച്ചിരുന്ന പഴയ ഡീലക്സ്, എക്സ്പ്രസ് ബസ്സുകൾ മാറ്റി 10 വോൾവോ, 50 പുതിയ ഡീലക്സ് ബസ് എന്നിവ ഇതിനകം നിരത്തിലിറങ്ങി കഴിഞ്ഞിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമാക്കി സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തുന്ന തിലേക്കായി 5 മേഖലാ യോഗങ്ങൾ വിപുലമായ രീതിയിൽ സംഘടിപ്പിക്കുകയും പ്രതിദിന വരുമാനം 7 കോടി ആയി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അന്തർ സംസ്ഥാന സർവ്വീസുകളുടെ ഹബ്ബ് ആയി മാറുവാൻ ഉദ്ദേശിക്കുന്ന ബാംഗ്ലൂരിൽ

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി.യുടെ ഒരു എ.റ്റി.ഒ ഓഫീസ് ഇതിനകം പ്രവർത്തനം ആരംഭിച്ച കഴിഞ്ഞിട്ടുണ്ട്. മേൽ സൂചിപ്പിച്ച പദ്ധതികളിലൂടെ വരും ദിവസങ്ങളിൽ കെ.എസ്.ആർ. ടി.സി.യുടെ വരുമാനം കാര്യമായ രീതിയിൽ മെച്ചപ്പെടുമെന്നും അതോടൊപ്പം മികച്ച സേവനം യാത്രക്കാർക്ക് നൽകുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |
| (ഞ) | നിലവിൽ സംസ്ഥാനത്ത് ലാഭകരമല്ലാത്ത റൂട്ടുകൾ എത്രയെന്ന് കെ.എസ്.ആർ.ടി.സി കണ്ടെത്തിയിട്ടുണ്ടോ; | (ഞ) | ഉണ്ട്.<br>2430 (എണ്ണം) സർവ്വീസുകൾ |
| (എഫ്) | പാലക്കാട് ജില്ലയിൽ എത്ര ലാഭകരമല്ലാത്ത റൂട്ടുകൾ ഉണ്ടെന്നാണ് കെ.എസ്.ആർ.ടി.സി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എഫ്) | 45 സർവ്വീസുകൾ<br>**<u>മണ്ണാർക്കാട് യൂണിറ്റ്</u>**<br>1. 06.30 ചാളറ<br>2. 07.30 മുന്നാംതോട്<br>3. 08.20 തൃശ്ശൂർ<br>4. 07.30 പാലക്കാട്<br>5. 06.40 തൃശ്ശൂർ<br>6. 06.50 ജെല്ലിപ്പാറ<br>7. 15.00 ആനക്കട്ടി<br>8. 07.20 ആനക്കട്ടി<br>9. 06.20 കോങ്ങാട്<br>10.11.10 ആനക്കട്ടി<br>11.07.45 ആനക്കട്ടി<br>12.10.10 ആനക്കട്ടി<br>13.06.45 എടത്തനാട്ടുകര<br>14.06.00 ഉപ്പുക്കുളം<br>15.06.30 മേട്ടുപ്പാളയം<br>16.05.30 ഒറ്റപ്പാലം<br>17.05.30 മേട്ടുപ്പാളയം<br>18.08.30 മേട്ടുപ്പാളയം<br>19.16.00 ആനക്കട്ടി<br>20.05.50 പാലക്കാട് |

**ചിറ്റൂർ യൂണിറ്റ്**

1. 06.30 ഗോപാലപുരം
2. 04.15 കൽപ്പറ്റ
3. 12.00 ഒഴപ്പാറ സ്റ്റേ
4. 06.10 ഗോപാലപുരം
5. 06.20 ഗുരുവായൂർ
6. 05.10 വലിയക്കാട്
7. 05.30 ഗോപാലപുരം

**വടക്കാഞ്ചേരി യൂണിറ്റ്**

1. 07.00 മംഗലം ഡാം
2. 06.30 ചുരുപ്പാറ
3. 05.30 ഒറ്റപ്പാലം
4. 07.00 പാലക്കുഴി
5. 06.00 ഒലിപ്പാറ-തൃശ്ശൂർ
6. 07.10 കുത്തക്കളം-തൃശ്ശൂർ
7. 06.20ആലത്തൂർ-കോഴിക്കോട്

**പാലക്കാട് യൂണിറ്റ്**

1. 11.00 തോലന്നൂർ
2. 09.30 കാരപ്പാറ
3. 11.45 കുറ്റിപ്പുറം
4. 07.00 കുറ്റിപ്പുറം
5. 06.00 കുറ്റിപ്പുറം
6. 07.00 ഗുരുവായൂർ
7. 07.00 വിക്ടോറിയ
8. 13.30 കാരപ്പാറ
9. 12.30 പോത്ത്പ്പാറ
10. 07.15 ഗുരുവായൂർ
11. 07.30 തോലന്നൂർ

**സെക്ഷൻ ഓഫീസർ**